**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1800** **29-09-2025 - ൽ മറുപടിയ്ക്ക്**

**കോമൺ പൂൾ ലൈബ്രേറിയൻ ഗ്രേഡ്-4 നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. ഷംസുദ്ദീൻ** | | **ഡോ. ആർ. ബിന്ദു**<br>**(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | കോമൺ പൂൾ ലൈബ്രേറിയൻ ഗ്രേഡ്-4 (നേരിട്ടുള്ള നിയമനം) തസ്തികയുടെ വിദ്യാഭ്യാസ യോഗ്യതകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | കേരള കോമൺ പൂൾ ലൈബ്രറി സബോർഡിനേറ്റ് സർവ്വീസ് റൂൾസിൽ ലൈബ്രേറിയൻ ഗ്രേഡ് IV തസ്തികയ്ക്ക് നേരിട്ടുള്ള നിയമനത്തിന് നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ താഴെപ്പറയും പ്രകാരമാണ്,<br><br>ഏതെങ്കിലും വിഷയത്തിൽ ബിരുദവും ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസിൽ ബിരുദവും.<br><br>അല്ലെങ്കിൽ<br><br>എസ്.എസ്.എൽ.സി.യും ലൈബ്രറി സയൻസിൽ ഡിപ്ലോമയും<br><br>അല്ലെങ്കിൽ<br><br>എസ്.എസ്.എൽ.സി.യും സർക്കാർ അംഗീകരിച്ച ലൈബ്രറി സയൻസിൽ സർട്ടിഫിക്കറ്റും.<br><br>പിന്നീട് 09/06/2009-ലെ സ.ഉ.(അച്ചടി) നം.53/2009/എച്ച്.ഇഡിഎൻ. നമ്പർ സർക്കാർ ഉത്തരവുപ്രകാരം യോഗ്യതയിൽ ചുവടെചേർക്കുന്ന ഭേദഗതി വരുത്തിയിട്ടുണ്ട് ;<br><br>“Note:- The qualification proposed for direct recruitment shall be one acquired after undergoing a regular course of study from any of the Universities in Kerala or recognized as equivalent thereto by any of the Universities in Kerala.” |
| (ബി) | കേരള സർവകലാശാല വിദൂര വിദ്യാഭാസം വഴി നേടിയ ലൈബ്രറി സയൻസ് ബിരുദം GO(MS) No. 119/2017/H.Edn dated 02.05.2017 എന്ന ഗവൺമെന്റ് ഉത്തരവ് പ്രകാരം കോമൺ പൂൾ ലൈബ്രേറിയൻ ഗ്രേഡ്-4 (നേരിട്ടുള്ള നിയമനം) തസ്തികയിലേക്ക് പരിഗണിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ടി | (ബി) | പരിഗണിച്ചിട്ടില്ല എന്ന് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അറിയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | യോഗ്യത പ്രകാരം കോമൺ പൂൾ ലൈബ്രേറിയൻ ഗ്രേഡ്-4 തസ്തികയിലേക്ക് ജോലി ലഭിച്ചവരുടെ വിവരങ്ങൾ ലഭ്യമാക്കാമോ; | | |
| (സി) | കേരള പി. എസ്. സി. കാറ്റഗറി നമ്പർ 490/2022 (കോമൺ പൂൾ ലൈബ്രേറിയൻ ഗ്രേഡ്-4) നിയമനത്തിൽ നിന്ന് കേരള സർവകലാശാല വിദൂര വിദ്യാഭാസം വഴി നേടിയ ലൈബ്രറി സയൻസ് ബിരുദം ആണെന്ന കാരണത്താൽ ഒഴിവാക്കിയതുമായി ബന്ധപ്പെട്ട് ഏതെങ്കിലും കേസ് നിലവിലുണ്ടോയെന്ന് അറിയിക്കാമോ; ഉണ്ടെങ്കിൽ കേരള പി.എസ്.സി.യും ഉന്നത വിദ്യാഭ്യാസ വകുപ്പും അതിന്മേൽ എടുത്ത നടപടി ലഭ്യമാക്കാമോ; | (സി) | ഉണ്ട്. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ O.A. 591, 1062, 1842, 1877, 1530, 1001, 1536, 1316 / 2024 നമ്പർ കേസ്സുകൾ നിലവിലുണ്ട്.<br><br>OA No 1001/2024, OA 1062/24, OA 1316/24 കേസ്സുകളിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 01/07/2025 തീയതിയിൽ പുറപ്പെടുവിച്ച പൊതുവായ വിധി പ്രകാരം വിദൂര വിദ്യാഭ്യാസം മുഖേന ലൈബ്രറി സയൻസ് ബിരുദം നേടിയവരെയും ലിസ്റ്റുകളിൽ ഉൾപ്പെടുത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ കേരള പബ്ലിക് സർവ്വീസ് കമ്മീഷനു നിർദ്ദേശം നൽകിയിരുന്നു.<br><br>**വിധിക്കെതിരെ അപ്പീൽ നൽകാനുള്ള നടപടി കേരള പബ്ലിക് സർവീസ് കമ്മീഷൻ സ്വീകരിച്ചിട്ടുണ്ട്.** |
| (ഡി) | ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ OA-1001/2024 തീയതി 25/06/2024 കേസ് നമ്പർ പ്രകാരമുള്ള വിധി 01/07/2025 ന ലഭ്യമാകുകയും വിധി അനുസരിച്ച് വിദൂര വിദ്യാഭാസം വഴി ലൈബ്രറി സയൻസ് ബിരുദം നേടിയവരെയും ലിസ്റ്റുകളിൽ ഉൾപ്പെടുത്തി ഒരു മാസത്തിനകം ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ നിർദേശം നൽകിയിരുന്നോ; അതിന്മേൽ പി. എസ്. സി. സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഡി) | ഉണ്ട്. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ O.A. 591, 1062, 1842, 1877, 1530, 1001, 1536, 1316 / 2024 നമ്പർ കേസ്സുകൾ നിലവിലുണ്ട്.<br><br>OA No 1001/2024, OA 1062/24, OA 1316/24 കേസ്സുകളിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 01/07/2025 തീയതിയിൽ പുറപ്പെടുവിച്ച പൊതുവായ വിധി പ്രകാരം വിദൂര വിദ്യാഭ്യാസം മുഖേന ലൈബ്രറി സയൻസ് ബിരുദം നേടിയവരെയും ലിസ്റ്റുകളിൽ ഉൾപ്പെടുത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ കേരള പബ്ലിക് സർവ്വീസ് കമ്മീഷനു നിർദ്ദേശം നൽകിയിരുന്നു.<br><br>**വിധിക്കെതിരെ അപ്പീൽ നൽകാനുള്ള നടപടി കേരള പബ്ലിക് സർവീസ് കമ്മീഷൻ സ്വീകരിച്ചിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ